ടി. വി. ചാക്കോരു—ക്രസ്ത്യൻ, ചെവ്വൂർ.
കെ. വി. പൊറഞ്ചു—ക്രസ്ത്യൻ, ചെവ്വൂർ.
കെ. കൃഷ്ണൻനായർ—നായർ, ചെവ്വൂർ.
വി. കൃഷ്ണൻനായർ—നായർ, ചെവ്വൂർ.
വി. ആർ. കൃഷ്ണൻ—ഈഴവ, ഉദരകം.
കെ. എം. നാരായണചാക്ക്യാർ—ചാക്ക്യാർ, ഉദരകം.
വി. സെയിതു—മുസ്ലീം, ചേറ്റു.
സി. എ. മക്കാർ—മുസ്ലീം, ചേറ്റു.

RURAL DEVELOPMENT CENTRE—PURCHASE OF PAPPAYA SEEDS AND SEEDLINGS

426. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ഗവമ്മെൻറു് സദയം മറുപടി പറയുമോ. —

(എ) ചേറ്റു ഗ്രാമോല്ലാരണ കേന്ദ്രത്തിൽ പപ്പക്കായുടെ വിത്തും തൈകളും എതെല്ലാം സ്ഥലങ്ങളിൽനിന്നു് വരുത്തീട്ടുണ്ടു്;

(ബി) അതുകൾ ആക്കൊക്കെ, ഏതേതു വില്ലേജുകളിൽ വിതരണം ചെയ്തു;

(സി) കേന്ദ്രത്തിൽ നട്ടതിൽനിന്നു് ഫ ഫ ഫ തുലാം മാസംമുതൽ ആകെ എത്ര പപ്പക്കായ് പഴുത്തു പൊട്ടിച്ചിട്ടുണ്ടു്;

(ഡി) അവകൾ എന്തുചെയ്തു ;

(ഇ) അവകളുടെ വിത്തുകൾ കേന്ദ്രത്തിൽ പാവീട്ടുണ്ടോ ;

(എഫ്) പപ്പക്കായ വിറ്റതു് ആക്കൊക്കെ ;

(ജി) പപ്പക്കായ പഴുത്തു പൊട്ടിച്ചു വെച്ചിരുന്നതു് വിലക്കു് ആവശ്യപ്പെട്ടിട്ടു കൊടുക്കാതിരുന്നിട്ടുണ്ടോ ;

(എച്ചു്) ഉണ്ടെങ്കിൽ എന്തുകൊണ്ടു് ;

(ഐ) വിൽക്കാതെവച്ച ആ പപ്പക്കായ എന്തുചെയ്തു ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ബങ്കളൂരിൽനിന്നും, സെൻട്രൽ ഫാമത്തിൽനിന്നും.

(ബി) ലിസ്റ്റ് കൌൺസ്സിൽ മേശപ്പുറത്തു് വെച്ചിരിക്കുന്നു.

(സി) ഫവ .

(ഡി) ഫര് എണ്ണം വിറ്റു, ര എണ്ണത്തിൻെറ വിത്തു് എടുത്തു.

(ഇ) ഉണ്ടു്.

(എഫ്) കെ. രാമൻമേനോൻ, ഇരിങ്ങാലക്കുട,
കെ. വി. രാമൻ, വടക്കാഞ്ചേരി,
എം. എസ്സ്. അച്യുതൻ നായർ, ചേറ്റു്
കെ. ആർ. പോൾ, ഉദരകം,
വി. വേലായുധൻ, ചെവ്വൂർ,
സി. എ. അഗസ്തീൻ, ചേറ്റു്,
കെ. എസ്സ്. പണിക്കർ, കുമ്പിലാവു്,
സി. കെ. വേലു, ചെവ്വൂർ,
ജെ. യേശുദാസു്, ചേറ്റു്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ട്.

(എച്ച്) കേന്ദ്രത്തിലേക്ക് വിറ്റഴിക്കുന്നതിനുള്ള കായകൾ കൊടുക്കാറില്ല.

(ഐ) മേൽ (എച്ച്) നമ്പർ ചോദ്യോത്തരപ്രകാരം മറുപടി ആവശ്യമില്ല.

RURAL DEVELOPMENT CENTRE—PURCHASE OF POULTRY

427. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായുണ്ടാ സദയം മറുപടി പറയുമോ.—

(എ) ചേപ്പ് ഗ്രാമോദ്ധാരണകേന്ദ്രത്തിലേക്ക് ഫ്ലഫ്സ്, ഫ്ലഫർ, ഫ്ലഫ്ഡ് ഈ കൊല്ലങ്ങളിൽ ആകെ എത്ര കോഴികളെ വാങ്ങിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽനിന്നാണ് വാങ്ങിച്ചിട്ടുള്ളത്;

(സി) ഏതെല്ലാം തരങ്ങളാണ് (Varieties) വാങ്ങിച്ചത്;

(ഡി) ഓരോ സ്ഥലത്തുനിന്നും വാങ്ങിച്ച ഓരോ തരം കോഴിക്കും ജോടിക്കും എന്തുവീതം വില കൊടുത്തിട്ടുണ്ട്;

(ഇ) ഈ ഓരോ കൊല്ലത്തിലും എത്ര മുട്ടവീതം കിട്ടീട്ടുണ്ട്;

(എഫ്) ഈ ഓരോ കൊല്ലത്തിലും മുട്ട വിരിവകയിൽ എത്ര സംഖ്യ പിരിഞ്ഞുകിട്ടീട്ടുണ്ട്;

(ജി) ഈ ഓരോ കൊല്ലത്തിലും എത്ര കോഴികൾ ഓരോ തരത്തിൽ ചത്തുപോയിട്ടുണ്ട്;

(എച്ച്) ഈ ഓരോ കൊല്ലത്തിലും കോഴികൾ ആരുടെ പ്രത്യേക ചുമതലയിലായിരുന്നു;

(ഐ) ഈ ഓരോ കൊല്ലത്തിലും കോഴിമുട്ടയെ വാങ്ങിച്ചതിനു വിലയായും യാത്രച്ചിലവു മുതലായവക്കും കൂലിച്ചിലവുകൾക്കും മറ്റുമായി ആകെ എത്ര സംഖ്യ ചിലവായി;

(ജെ) ഓരോ കൊല്ലത്തിൽ കുഞ്ഞുങ്ങളെ വിരിക്കുവാൻ എത്ര മുട്ട ഗ്രാമങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്;

(കെ) അങ്ങിനെ കൊടുത്തിട്ടുള്ളതിന്റെ വ്യവസ്ഥകൾ എന്തെല്ലാം, ആക്കൊക്കെയാണ് കൊടുത്തിരിക്കുന്നത്;

(എൽ) ആ വ്യവസ്ഥയനുസരിച്ച് ആരെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ അതുസംബന്ധമായി എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(എം) ഈ ഓരോ കൊല്ലത്തിൽ എത്ര കോഴികളെ വിതരണം ചെയ്തിട്ടുണ്ട്, അതിന്റെ വ്യവസ്ഥകൾ എന്തെല്ലാം;

(എൻ) ആക്കൊക്കെയാണ് വിതരണം ചെയ്തിട്ടുള്ളത്;

(ഒ) ആ വ്യവസ്ഥപ്രകാരം ആരൊക്കെയാണ് പ്രവൃത്തിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly